

# ആർജവം

## വാക്കിലും കർമത്തിലും

എഡി. ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ

അദ്ധ്യാപകൻ, മാർഗദർശി, സാഹിത്യവിമർശകൻ, എഡിറ്റർ, സംഘാടകൻ, വാഗ്മി മുതലായ നിലകളിൽ അമൂല്യസംഭാവനകൾ ചെയ്തിട്ടുണ്ട് ഡോ. എ എം ഉണ്ണിക്കൃഷ്ണൻ. മൂന്നുവ്യാഴവട്ടക്കാലത്തെ സേവനശേഷം അദ്ദേഹത്തിന്റെ ഔദ്യോഗിക വിടവാങ്ങൽ പ്രമാണിച്ച് ഗവേഷകർ തയ്യാറാക്കിയ വ്യത്യസ്ത ഗ്രന്ഥമാണിത്. ഇതിന് രണ്ടുഭാഗങ്ങളുണ്ട്. സാധാരണമനുഷ്യന് സക്രിയവും സപ്രയോജനവുമായി ജീവിക്കാമെന്നതിന്റെ രേഖപ്പെടുത്തലാണ് ഒന്നാംഭാഗത്ത്. അടുത്തതിൽ സാഹിത്യ ഗവേഷണസംബന്ധിയായി പ്രമുഖർ രചിച്ച മാർഗനിർദ്ദേശക പ്രബന്ധങ്ങൾ. സംസ്കാരികജീവിതസ്പന്ദവും റഫറൻസ് മൂല്യവും ഒത്തിണങ്ങിയ നവീനപുസ്തകം.

atma books
Parayanchery,
Kozhikode - 673 016
Ph: +0495 4022600
91 9746077500, +91 9746440800
E-mail: atmabooks@gmail.com

ISBN: 978-81-19443-47-5
9788119443475 00001

പുസ്തക ലോകം
+91 8848663483, +91 9496105082

₹ 1250
Also available at: amazon.in & atmabooks.com
Study

ആർജവം വാക്കിലും കർമത്തിലും
എഡി. ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ

atma



# ആർജവം

## വാക്കിലും കർമത്തിലും

സാംസ്കാരികസ്പന്ദവും ഗവേഷണ മാർഗനിർദ്ദേശകപ്രബന്ധങ്ങളും

ഡോ . എ എം ഉണ്ണിക്കൃഷ്ണന്
ഗവേഷകരുടെ ആദരോപഹാരം

എഡിറ്റർ
ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ

atma

English
arjjavam vaakkilum karmmathilum
(Study)

Editor : Dr. Sreesailam Unnikrishnan
Copyright: Author

Layout: SJ Communication
Cover Design: Sreejith George

First Published: May 2024

ISBN: 978-81-19443-47-5

₹ 1250

Pusthakalokam
SRA, A - 51, Ward 38
Kallai, Kozhikode - 673 003
Phone: +918848663483, +919496105082

Printed, Published by:

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# പ്രസാധകമൊഴി

ഭാഷാദ്ധ്യാപകൻ, ഗവേഷണമാർഗദർശി, സാഹിത്യവിമർശകൻ, എഡിറ്റർ, സംഘാടകൻ, പ്രഭാഷകൻ എന്നീ നിലകളിൽ തിളങ്ങുന്ന ഡോ. എ എം ഉണ്ണിക്കൃഷ്ണൻ മൂന്നുവ്യാഴവട്ടക്കാലത്തെ സ്തുത്യർഹസേവനശേഷം ഔദ്യോഗികമായി വിരമിച്ചതു പ്രമാണിച്ച് അദ്ദേഹത്തിന്റെ ഗവേഷകവിദ്യാർഥികൾ തയ്യാറാക്കി സമർപ്പിക്കുന്ന അക്ഷരദക്ഷിണയാണ് രണ്ടുഭാഗങ്ങൾ ഉള്ള ഈ ഗ്രന്ഥം.

ഡോ എ എം ഉണ്ണിക്കൃഷ്ണന്റെ ഗുരുനാഥന്മാരും സതീർത്ഥ്യരും സുഹൃത്തുക്കളും സഹപ്രവർത്തകരും വിദ്യാർത്ഥികളും എഴുതിയ ലേഖനങ്ങൾ ആണ് ഒന്നാംഭാഗത്തിൽ ചേർത്തിട്ടുള്ളത്. രണ്ടാംഭാഗത്തിൽ സാഹിത്യഗവേഷണസംബന്ധിയായി പ്രമുഖപണ്ഡിതർ രചിച്ച മാർഗ്ഗനിർദ്ദേശകപ്രബന്ധങ്ങൾ ആണുള്ളത്.

പ്രശസ്തസാഹിത്യവിമർശകനും ഗവേഷണമാർഗദർശിയും യുവാദ്ധ്യാപകനും ഡോ. എ എം ഉണ്ണിക്കൃഷ്ണന്റെ വത്സലശിഷ്യനുമായ ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ ആണ് ഈ പുസ്തകത്തിന്റെ എഡിറ്റർ. അദ്ദേഹത്തോടുള്ള നന്ദി രേഖപ്പെടുത്തുന്നു. ഭാഷാസാഹിത്യഗവേഷണമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ദിശാദർശനമേകുന്ന റഫറൻസ് മൂല്യമുള്ള ഈ പുസ്തകം, അക്കാദമികമണ്ഡലത്തിൽ വിപുലമായ സ്വീകാര്യതയും ശ്രദ്ധയും നേടിയെടുക്കുമെന്ന ശുഭപ്രതീക്ഷയോടെ .......

നൗഷാദ് കൊല്ലം
പുസ്തകലോകം

# ഉള്ളടക്കം

ഗുരുപൂർണിമയ്ക്കു മുന്നിൽ അക്ഷരദക്ഷിണ 13
ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ

## ഭാഗം ഒന്ന്

### ആശീർവാദം

1 ശോഭിക്കട്ടെ, ഈ ആചാര്യത്വം! 33
ഡോ. മോഹനൻ കുന്നുമ്മൽ

2 ചരിതാർത്ഥമായ നിയമനം 36
ഡോ. എ ജയകൃഷ്ണൻ

3 മലയാളവിഭാഗസ്ഥാപനം 39
ഡോ. ജി ഗോപകുമാർ

4 ഓർമ്മയിൽ ഒരു ചിന്മയകാലം 42
ഡോ. ദേശമംഗലം രാമകൃഷ്ണൻ

5 എന്റെ മനസ്സിലെ നിറ-നിത്യസാന്നിധ്യം 46
ഡോ. ടി ജി മാധവൻകുട്ടി

6 വിദ്യാർത്ഥി 48
ഡോ. ഡി ബെഞ്ചമിൻ

7 എന്റെ ഓർമ്മയിൽ 51
ഡോ. എൻ മുകുന്ദൻ

### അഭിനന്ദനം

8 സവ്യസാചിയായ സംഘാടകൻ 56
എ ബി രഘുനാഥൻനായർ

9 സ്ഥിതപ്രജ്ഞനായ നിരൂപകൻ 64
പി രവികുമാർ



10 ഗവേഷകൻ ഗവേഷണമാർഗ്ഗദർശി 71
ഡോ. വി രാജീവ്

11 ഗവേഷണമാർഗ്ഗദർശനത്തിന്റെ സൗമ്യദീപ്തമുഖം 75
ഡോ. എം കൃഷ്ണൻനമ്പൂതിരി

12 ഡോ. എ എമ്മിന്റെ വ്യാസജീവിതരേഖ 131
ഡോ. സി വി സുരേഷ്

13 ചട്ടമ്പിസ്വാമിപഠനം ചരിത്രപശ്ചാത്തലത്തിൽ 138
ഡോ. ആർ രാമൻനായർ

14 ചട്ടമ്പിസ്വാമിയുടെ ബഹുസ്വരത: അടയാളപ്പെടുത്തലും
ജ്ഞാനവോത്ഥാനസ്ഥാനനിർണയവും 166
ഡോ. എം ശ്രീനാഥൻ

15 ഗവേഷണം ഒരു ധർമസാധന 174
ഡോ. സുരേഷ് മാധവ്

16 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സേവനങ്ങൾ 180
ഡോ. വിളക്കുടി രാജേന്ദ്രൻ

17 ഭാഷാശാസ്ത്രസാങ്കേതികവിദ്യയിലെ അടയാളപ്പെടുത്തലുകൾ 185
ഡോ. കീർത്തി വിദ്യാസാഗർ

18 ഗ്രന്ഥശാലാപ്രവർത്തനങ്ങൾ 192
ഡോ. കവിത വി.

### സഹപ്രവർത്തനം

19 അദ്ധ്യാപനം ഒരു സംസ്കാരമാണ് 205
ഡോ. പി വി വിശ്വനാഥൻനമ്പൂതിരി

20 സൗഹൃദത്തിന്റെ സുകൃതശോഭ 208
പ്രൊഫ. മേരി മാത്യു

21 സൗഹൃദത്തിന്റെ തണലിലൂടെ രണ്ടുകാതം 211
ഡോ. ഷൈലാ ഏബ്രഹാം

22 ഉണ്ണി സാറിനെക്കുറിച്ച് 215
ഡോ. ലാൽ സി എ.

23 ധ്യാനമനസ്കനായി ഒരാൾ 220
ഡോ. എസ് നസീബ്

24 സുഹൃത്തും വഴികാട്ടിയും 230
ഡോ. കെ ജി സുധീർ

54 പ്രബന്ധപരിശോധന:
പൊതുസമീപനവും സവിശേഷതകളും 450
ഡോ. ടി ജിതേഷ്

55 ഗവേഷണവും പ്രബന്ധമൂല്യനിർണ്ണയവും 464
ഡോ. കെ എസ് രവികുമാർ

56 ചില ഭാഷാസാഹിത്യഗവേഷണചിന്തകൾ 474
ഡോ. ടി കെ സന്തോഷ്കുമാർ

57 മലയാളഗവേഷണത്തിലെ നൂതനപ്രവണതകൾ 481
ഡോ. ജോസ് കെ മാനുവൽ

58 നിർമ്മിതബുദ്ധി ഗവേഷണത്തിൽ ഇടപെടുമ്പോൾ 488
കെ എം നരേന്ദ്രൻ

59 ഗവേഷണത്തിലെ നിർമിതബുദ്ധിക്കാലം 516
ജെ എസ് അനന്തകൃഷ്ണൻ

60 മലയാളഭാഷ: ഗവേഷണസാദ്ധ്യതകൾ 521
ഡോ. സോമനാഥൻ പി.

61 ആലേഖനവിദ്യയും ലിപികളും ഇന്ത്യയിലും കേരളത്തിലും:
ചരിത്രപരവും ഭാഷാശാസ്ത്രപരവുമായ വിശകലനം 529
ഡോ. ആർ ബി ശ്രീകല

62 ധൈഷണികഭാഷാശാസ്ത്രം:
ഗവേഷണരീതിയും രീതിശാസ്ത്രവും 550
ഡോ. പി എം ഗിരീഷ്

63 ഭാഷാശാസ്ത്രം ഭാരതത്തിൽ: ഉത്തരവാദിത്വവും സാധ്യകളും 568
ഡോ. പി ശ്രീകുമാർ

64 തത്ത്വചിന്തയും സൗന്ദര്യശാസ്ത്രവും 573
ഡോ. മനോജ് കുറൂർ

65 ഗവേഷണം: ഫോക് ലോർപഠനം, സംസ്കാരപഠനം 588
ഡോ. അജു കെ നാരായണൻ

66 മലയാളത്തിലെ ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങൾ:
ഒരു അവലോകനം 606
ഡോ. അശോക് ഡിക്രൂസ്

ലേഖകപരിചയം 619

During, S., 2005, Cultural Studies: A Critical Introduction, London, New York: Routledge. Eagleton, Terry. The Idea of Culture. Malden, MA: Blackwell Publishing, 2000.

Easthope, A., 1991, Literary into Cultural Studies, London: Routledge.

Gramsci,A., 1985, Selection from Cultural Writings, London: Lawrence and Wishart.Grossberg, L. et al. (eds.), 1992, Cultural Studies, London: Routledge.

Hall S., 1997, Representation: Cultural Representations and Signifying Practices, London: Sage.

Hoggart, R., 1970, 'Contemporary Cultural Studies: An Approach to the Study of Literature and Society.' In Contemporary Criticism, Stratford-upon-Avon Studies, 12. London: Edward Arnold.

Jenks, C., 1993, Culture, London: Routledge.

Loomba, A., 2005, Colonialism/Postcolonialism, London; New York: Routledge.

Sardar, Z. & Van Loon, B., 1999, Introducing Cultural Studies, Cambridge, UK: Icon. Storey, J. (ed.), 1994, Cultural Theory and Popular Culture: A Reader, Hemel Hempstead:Harvester Wheatsheaf.

Williams, R., 1958, Culture and Society: 1780-1950, London: Chatto and Windus.

Williams, R., 1975, Television: Technology and Cultural Form, New York: Schocken Books. Williams,R.,1976, Keywords:A Vocabulary of Culture and Society, New York : Oxford University Press.

അജു കെ. നാരായണൻ, 2020, ചുട്ടെഴുത്തുകൾ, സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം

അജു കെ. നാരായണൻ, 2012, ഫോക്‌ലോർ:പാഠങ്ങൾ, പഠനങ്ങൾ, സാഹിത്യ പ്രവർത്തകസഹകരണസംഘം, കോട്ടയം

അജു കെ. നാരായണൻ, ചെറി ജേക്കബ് കെ., 2012, പലവക: സംസ്കാരപഠനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

അജു കെ. നാരായണൻ, ചെറി ജേക്കബ് കെ., 2016,സിനിമ മുതൽ സിനിമവരെ , സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

ഒരു സംഘം ലേഖകർ, 2007, സംസ്കാരപഠനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം, മലയാളപഠനസംഘം, കാലടി.

ഭക്തവത്സല റെഡ്ഡി, എൻ, ഡോ., (എഡി) 2004, ഫോക്‌ലോർപഠനം: സിദ്ധാന്തതലം, കറന്റ് ബുക്സ്, കോട്ടയം.

രവീന്ദ്രൻ, പി.പി., 2002, സംസ്കാരപഠനം: ഒരാമുഖം, കോട്ടയം, ഡി.സി.ബുക്സ്.

രാഘവൻ പയ്യനാട്,1999, ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും, ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, പയ്യന്നൂർ.

രാഘവൻ പയ്യനാട്, 1997, ഫോക്‌ലോർ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

രാമചന്ദ്രൻ, ടി.കെ. (എഡി.), 2012, കലാവിമർശം മാർക്സിസ്റ്റ് മാനദണ്ഡം, തിരുവനന്തപുരം, ചിന്ത.

സ്കറിയാ സക്കറിയാ, 2001 മെയ്-ജൂൺ, സമകാലികസംസ് കാരപഠനത്തിന് ഒരു മുഖവുര, മതവും ചിന്തയും, ആലുവ, പൊന്തി ഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്.

ഷാജി ജേക്കബ്, 2009, ജനപ്രിയസംസ്കാരം: ചരിത്രവും സിദ്ധാന്തവും, കോഴിക്കോട്, മാതൃഭൂമി ബുക്സ്.

യേശുദാസൻ, ടി.എം., 2011, ബലിയാടുകളുടെ വംശാവലി, തിരുവനന്തപുരം, പ്രഭാത് ബുക്സ്.

# മലയാളത്തിലെ ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങൾ: ഒരു അവലോകനം

ഡോ. അശോക് ഡിക്രൂസ്

പഴയ ലോകക്രമങ്ങളെ കാലം, ഇടം എന്നിവയുടെ ഇടപെടൽ കൊണ്ട് പൊളിച്ചെഴുതുന്നതാണ് ഉത്തരാധുനികത. എന്ന ആന്തണി ഗിഡൻസിന്റെ വാദത്തെ അംഗീകരിക്കാമെങ്കിൽ മലയാളഭാഷാസാഹിത്യഗവേഷണം, അതിസാങ്കേതികവിദ്യയുടെ കാലത്തും പഴഞ്ചനാണ്. ഗവേഷണം അന്തർദേശീയനിലവാരത്തിലുള്ളതാകണം എന്ന തീരുമാനിക്കുന്ന സർവകലാശാലകൾ യൂറോപ്യൻ ഗവേഷണമാതൃകകളോട് താരതമ്യം ചെയ്യാൻ തുടങ്ങുന്നതോടെ സകലതും തകിടം മറിയുന്നു. "അറിവ് ഒരിടത്തും നിശ്ചലമായി നിൽക്കുന്നില്ല. അത് പരിണമിച്ചുകൊണ്ടേയിരിക്കുന്നു. ഏതുവിഷയത്തെക്കുറിച്ചും നാം ഇതുവരെ നേടിവച്ച അറിവുകളുടെ അപര്യാപ്തതയെക്കുറിച്ച് നമുക്കുണ്ടാകുന്ന ആകാംക്ഷ പുതിയ പ്രശ്നമേഖലകളിലേക്കും നവീകരണപ്രവർത്തനങ്ങളിലേക്കും നമ്മെ നയിക്കുന്നു." 1981 ൽ ആദ്യപതിപ്പായി പ്രസിദ്ധീകരിക്കപ്പെട്ട ഗവേഷണരീതിശാസ്ത്രകൃതിയായ ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ' എന്ന ഗ്രന്ഥത്തിന്റെ ആദ്യ അധ്യായം തുടങ്ങുന്ന പ്രസ്തുത വാക്യങ്ങൾ നാല്പത്തിമൂന്ന കൊല്ലങ്ങൾക്കിപ്പുറവും, കാര്യമായ മാറ്റങ്ങളില്ലാത്ത ആ കൃതിയിൽ ആവർത്തിക്കപ്പെടുന്നു എന്നതുപോലെയാണ്. ടൈപ്പ്റൈറ്റർ കാലഘട്ടത്തിലെ ചട്ടങ്ങളും ഗവേഷണയുക്തിയും കീഴ്വഴക്കങ്ങളായി നിലനിർത്തിക്കൊണ്ടുപോകുന്നതിൽ സർവകലാശാലകൾക്കെന്നപോലെ മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങൾക്കും പങ്കുണ്ട്. മലയാളത്തിൽ രചിക്കപ്പെട്ട പ്രമുഖ ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങളെ വിമർശാത്മകമായി അവലോകനം ചെയ്യുക എന്നതാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

## ഗവേഷണം: കാഴ്ചയും കാഴ്ചപ്പാടും

ഇംഗ്ലീഷിലെ Research എന്ന വാക്കിന് തുല്യമായി മലയാളത്തിൽ ഗവേഷണം എന്നാണ് പ്രയോഗിക്കുന്നത്. പശുവിനെത്തേടുക എന്ന ലക്ഷ്യത്തിൽനിന്ന് സർവംകഷമായ അന്വേഷണത്തിലേക്കുള്ള വികാസത്തിന്റെ കഥയാണ് 'ഗവേഷണം' എന്ന വാക്കിന് പറയാനുള്ളത്. ക്രിസ്തുവിന് രണ്ടായിരം വർഷം മുൻപു ജീവിച്ചിരുന്ന(?) ദാക്ഷീപുത്രന് 'ഗവേഷണം' സുപരിചിതമായിരുന്നു; ആ പദത്തിന്റെ നിരുക്തി അന്ന് പണ്ഡിതശ്രദ്ധക്ക് വിഷയവുമായിരുന്നു. ഗവേഷണപദത്തിന്റെ സന്ധിനിർദ്ദേശത്തിനു മാത്രമായി അഷ്ടാധ്യായിയിൽ ഒരുസൂത്രം നിബന്ധിക്കേണ്ടിവന്നു എന്നത് യാദൃച്ഛികമാകാൻ വയ്യ. 'ഗവേഷണ'ത്തിൽ സ്ഫോടായനൻ എന്ന പൂർവസൂരിയായിരുന്നു ശാലാതുരീയന് മാർഗദർശി.

ലബ്ധപ്രതിഷ്ഠരായ പൂർവാചാര്യന്മാരുടെ നിരീക്ഷണങ്ങൾ സ്വീകരിക്കാവുന്നിടത്തോളം സ്വീകരിക്കുക എന്നതായിരുന്നു പാണിനിയുടെ വഴി. ഗോ+ഏഷണ എന്ന നിൽക്കുമ്പോൾ ഗോ ശബ്ദത്തിലെ 'ഓ'കാരത്തിന് 'അവാ'ദേശം വരുമെന്നാണ്- അവങ്സ്ഫോടായനസ്യ- സ്ഫോടായനവിധി. ഗോ+ഏഷണ> ഗവ+ഏഷണ> ഗവേഷണ> ഗവേഷണം(ം) എന്ന് രൂപസിദ്ധി. ഗവാക്ഷം എന്ന വാക്കിന്റെ സന്ധിയും ഇങ്ങനെതന്നെ.' എന്നാണ് വൈയാകരണൻ കൂടിയായ എൻ ആർ ഗോപിനാഥപിള്ള നിരീക്ഷിക്കുന്നത്. ഈ സന്ധികാര്യം അറിയാത്തതുകൊണ്ടാണോ എന്തോ ഗവേഷണത്തിന് പിന്നീട് മറ്റൊരു നിരുക്തി കൂടി പ്രചാരത്തിൽ വന്നു. 'ഗവേഷ' എന്നൊരു ധാതു ചുരാതിഗണത്തിലുണ്ട്. മാർഗണം എന്നാണ് അതിന് അർത്ഥം കല്പിച്ചിരിക്കുന്നത്. മാർഗണം എന്നാൽ അന്വേഷണം. ഈ ഗവേഷണശബ്ദത്തോടൊപ്പം കൃത് പ്രത്യയമായ 'അനം' ചേർന്ന രൂപമാണ് 'ഗവേഷണം'.

## മലയാളഗവേഷണത്തിന്റെ ആരംഭം

മലയാളഭാഷയും സാഹിത്യവും മുൻനിർത്തി സർവകലാശാലതലത്തിൽ ഔപചാരികഗവേഷണം ആരംഭിക്കുന്നത് 1930 ലാണ്. ലണ്ടൻ സർവകലാശാലയിലെ സ്കൂൾ ഓഫ് ഓറിയന്റൽ ആന്റ് ആഫ്രിക്കൻ സ്റ്റഡീസിൽനിന്ന് 1933ൽ ഡോ. കെ ഗോദവർമ്മയാണ് ആദ്യ പി എച്ച് ഡി ബിരുദം നേടുന്നത്. ഡോ. ടേർനർ ആയിരുന്നു മാർഗദർശി. *Indo Aryan Loan Words in Malayalam* എന്നതായിരുന്നു ഗോദവർമ്മയുടെ പ്രബന്ധവിഷയം. 1938ൽ ചേലനാട് അച്യുതമേനോന് പി എച്ച് ഡി ലഭിച്ചതും ലണ്ടൻ സർവകലാശാലയിൽനിന്നായിരുന്നു. Ezhuthachan



and His Age എന്നതായിരുന്നു അച്യുതമേനോന്റെ ഗവേഷണവിഷയം. ഡോ. എൻ വി ബാർനെറ്റിന്റെ മേൽനോട്ടത്തിൽ ആയിരുന്നു അച്യുതമേനോൻ ഗവേഷണം നടത്തിയത്.

ഇന്ത്യയിൽ ആദ്യമായി മലയാളഗവേഷണം ആരംഭിച്ചത് മദിരാശി സർവകലാശാലയിലാണ്. എങ്കിലും, 1953 ൽ പൂനാ സർവകലാശാലയുടെ ഭാഗമായ ഡക്കാൺ കോളേജ് കേന്ദ്രമാക്കി എ സി ശേഖർ സമർപ്പിച്ച Evalution of Malayalam Prose എന്ന പ്രബന്ധം ബിരുദത്തിന് അർഹമായി. 1957 ൽ ഡോ. കെ എം ജോർജും, ഡോ. എസ് കെ നായരും മദിരാശി സർവകലാശാലയിൽനിന്ന് പി എച്ച് ഡി നേടി. Ramacharitham and the Study of Early Malayalam എന്നതായിരുന്നു ഡോ. കെ എം ജോർജിന്റെ ഗവേഷണവിഷയം. ഈ പ്രബന്ധരൂപവത്കരണത്തിൽ കെ എം ജോർജിന് മാർഗദർശി ഉണ്ടായിരുന്നില്ല. അതേസമയം ഡോ. ചേലനാട്ട് അച്യുതമേനോന്റെ മേൽനോട്ടത്തിലാണ് എസ് കെ നായർ ഗവേഷണം നടത്തിയത്. Folk Drama of Kerala എന്നതായിരുന്നു എസ് കെ നായരുടെ ഗവേഷണവിഷയം.

1963 ൽ കേരളസർവകലാശാലയിൽ മലയാളവിഭാഗം ആരംഭിച്ചു. 1967 ലാണ് കേരളസർവകലാശാലയിൽ ആദ്യ പി എച്ച് ഡി അവാർഡ് ചെയ്യുന്നത്. ഡോ. പി കെ നാരായണപിള്ളയുടെ മാർഗനിർദ്ദേശത്തിൽ, വി ആർ പ്രബോധചന്ദ്രൻനായർ സമർപ്പിച്ച Description of the Language of Krishnagadha with Index പ്രബന്ധത്തിനായിരുന്നു പി എച്ച് ഡി നൽകിയത്. 1967 ൽ പി വി വേലായുധൻപിള്ള Early Malayalam Prose with Special Reference to Brahmandapuranam, Nalopakhyanam, Ambareeshopakhyanam and Doothavaakyam: A Study എന്ന വിഷയത്തിൽ പി എച്ച് ഡി നേടി. 1969 ൽ Early Manipravalam: A Study എന്ന പ്രബന്ധത്തിന് കെ രാമചന്ദ്രൻനായരും, 1970 ൽ Descriptive Grammar of Kannassa Ramayana: A Study പ്രബന്ധത്തിന് പുതുശ്ശേരി രാമചന്ദ്രനും, 1972 ൽ Malayalam Poetics with Special Reference to Krishnagadha എന്ന പ്രബന്ധത്തിന് ടി ഭാസ്കരനും പി എച്ച് ഡി ബിരുദം നേടി. 1967 Malayalam Meters: A Study എന്ന ഒ എം അനുജന്റെ ഗവേഷണപ്രബന്ധത്തിന് പി എച്ച് ഡി ബിരുദം നൽകിയത് ഡൽഹി സർവകലാശാല ആയിരുന്നു. ഈ പ്രബന്ധങ്ങളെല്ലാം എഴുതപ്പെട്ടത് ഇംഗ്ലീഷിലായിരുന്നു എന്നതാണ് ശ്രദ്ധേയമായ വസ്തുത. അക്കാലത്ത് ഗവേഷണവിഷയം മലയാളമാണെങ്കിലും പ്രബന്ധം ഇംഗ്ലീഷിൽത്തന്നെ എഴുതണം എന്ന നിർബന്ധമു

ണ്ടായിരുന്നു. മലയാളഭാഷയിൽത്തന്നെ മലയാളഗവേഷണപ്രബന്ധം സമർപ്പിക്കപ്പെടുന്നത് 1974 ലാണ്. കുഞ്ചൻനമ്പ്യാരും കൃതികളും എന്ന വിഷയത്തിൽ ഗവേഷണം നടത്തിയത് വി എസ് ശർമയായിരുന്നു. അദ്ദേഹത്തിന്റെ

## മലയാളത്തിലെ ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങൾ

ഗവേഷണരീതിശാസ്ത്രം സംബന്ധിച്ച് നിരവധിപുസ്തകങ്ങൾ ഇംഗ്ലീഷിൽ ലഭ്യമാണ്. എന്നാൽ പ്രസ്തുതവിഷയം കൈകാര്യം ചെയ്യുന്ന വളരെകുറച്ച് പുസ്തകങ്ങൾ മാത്രമേ മലയാളത്തിലുള്ളൂ. (ഗവേഷണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മലയാളപുസ്തകങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്). അക്കൂട്ടത്തിൽ ശ്രദ്ധേയമായ മൂന്നു പുസ്തകങ്ങളുടെ ഘടനയും ഉള്ളടക്കവും, ഗവേഷണസമീപനം, പ്രായോഗികത എന്നിവ മുൻനിർത്തിയുള്ള അവലോകനമാണ് ചുവടെ ചേർക്കുന്നത്.

## ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ

1981 ൽ ആദ്യപതിപ്പായി പുറത്തിറങ്ങിയ പുസ്തകമാണ് ഡോ. ചാത്തനാത്ത് അച്യുതനുണ്ണി എഴുതിയ ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ. "പി എച്ച് ഡി, എംഫിൽ. തുടങ്ങിയ സർവകലാശാലാബിരുദങ്ങൾക്കു പരിശ്രമിക്കുന്നവർക്കു മാത്രമല്ല, ഏതെങ്കിലും വിഷയത്തിൽ സ്വന്തമായി ഗവേഷണം നടത്താൻ താത്പര്യമുള്ള സാധാരണക്കാർക്കുകൂടി ഗവേഷണത്തിന്റെ ശാസ്ത്രീയസമ്പ്രദായങ്ങൾ അറിഞ്ഞിരിക്കുന്നത് ഇന്ന് ഒരാവശ്യമാണ്. നമ്മുടെ നാട്ടിലെ പഴയ പണ്ഡിതന്മാർ പൂർവ്വികന്മാരെ ഉദ്ധരിക്കുകയും പ്രധാനഗ്രന്ഥങ്ങൾ പരിശോധിച്ച് പ്രകാശിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ശാസ്ത്രീയസമ്പ്രദായത്തിന്റെ അഭാവംകൊണ്ട് അവരുടെ പരിശ്രമങ്ങൾക്കു ഗണ്യമായ ചില കോട്ടങ്ങൾ കാണാം. ഇവയെ ആവുന്നിടത്തോളം പരിഹരിക്കുവാനും പുതിയ ശാസ്ത്രീയഗവേഷണപദ്ധതികളുമായി ജിജ്ഞാസുക്കളെ പരിചയപ്പെടുത്തുവാനും പറ്റിയ പുസ്തകങ്ങൾ മലയാളത്തിൽ മിക്കവാറും ഇല്ലെന്നുതന്നെ പറയാം. ഈ കുറവ് ഒരളവോളം പരിഹരിക്കുകയാണ് ഞങ്ങൾ ഗവേഷണപദ്ധതിയെ സംബന്ധിച്ച ഈ ഗ്രന്ഥംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്." എന്നാണ് പ്രസ്തുതപുസ്തകത്തിന്റെ ഒന്നാംപതിപ്പിൽ പ്രസ്താവിച്ചിട്ടുള്ളത്.

ഘടനയും ഉള്ളടക്കവും: ഗവേഷണത്തിന്റെ സാമാന്യസ്വഭാവത്തെയും ഗവേഷകരുടെ മനോഭാവത്തെയും പരാമർശിച്ചുകൊണ്ടാണ് ഈ പുസ്തകം ആരംഭിക്കുന്നത്. ഗവേഷണം, ഗവേഷണവിഷയം, ആകര



സാമഗ്രികൾ, പ്രബന്ധരൂപരേഖ, പരികല്പനം, പ്രബന്ധക്കുറിപ്പുകൾ, സമീപനരീതികൾ, വർഗീകരണം, പ്രബന്ധരചന, പാഠവിമർശനം, പരാമർശവും ഉദ്ധരണവും, സംവിധാനം എന്നിങ്ങനെ 12 അധ്യായങ്ങളാണ് ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ എന്ന പുസ്തകത്തിലുള്ളത്. ഗ്രന്ഥസൂചിക്കുശേഷം അനുബന്ധമായി ചുരുക്കെഴുത്തുപട്ടികയും പദസൂചിയും നൽകിയിട്ടുണ്ട്. നാല്പതിലേറെ വർഷങ്ങളായി മലയാളഗവേഷണത്തിന്റെ ഗതി നിർണയിച്ചതിൽ നിർണായകമായ പങ്കുവഹിച്ച കൃതിയാണ് ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ.

ഗവേഷണസമീപനം: "അറിവ് ഒരിടത്തും നിശ്ചലമായി നിൽക്കുന്നില്ല. അതു പരിണമിച്ചുകൊണ്ടേയിരിക്കുന്നു." എന്ന ആമുഖവാക്യത്തോടെയാണ് ആദ്യത്തെ അധ്യായം ആരംഭിക്കുന്നത്. 'ഒരുവിഷയത്തിൽ ഗവേഷണം ചെയ്യുകയെന്നാൽ ആ വിഷയം പഠിക്കലല്ല. അതിനെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കലും ഉത്തരം പറയലുമാണ്-ഇതുവരെ ആരും ചോദിച്ചിട്ടില്ലാത്തതും ഉത്തരം പറഞ്ഞിട്ടില്ലാത്തതുമായ ചോദ്യങ്ങൾ' എന്ന ജോർജ് വാട്സന്റെ നിലപാടു തന്നെയാണ് (George Watson, The Literary Thesis - A Guide to Research. London: Longman, 1970. p.16) ചാത്തനാത്ത് അച്യുതനുണ്ണിയും സ്വീകരിക്കുന്നത്. ആകരസാമഗ്രികൾ എന്ന അധ്യായത്തിൽ ഗ്രന്ഥസൂചി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 12.5 സെ. മീ. നീളവും 7.5 സെ.മീ. വീതിയുമുള്ള കാർഡുകൾ ഉപയോഗിക്കുന്നതാണ് ഉചിതമെന്നു നിർദ്ദേശിക്കുന്നുണ്ട്. ഇത് കാലോചിതമായി പരിഷ്കരിക്കേണ്ടതായിരുന്നു.

പ്രബന്ധരൂപരേഖ തയ്യാറാക്കുന്നത് എങ്ങനെയെന്ന് വ്യക്തമായി പറയുന്നുണ്ട്. തുടർന്ന്, പരികല്പനയെക്കുറിച്ചുള്ള വിവരണമാണ്. പാഠവിമർശത്തെക്കുറിച്ച് സാമാന്യം ദീർഘമായ ഒരു അധ്യായമുണ്ട്. അതിനുശേഷം സൈറ്റേഷൻ സമ്പ്രദായങ്ങളെ കുറിച്ചുള്ള അധ്യായമാണ് ചേർത്തിട്ടുള്ളത്. പക്ഷേ, ഇത് എം എൽ എ (Modern Language Association) സ്റ്റൈൽ ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്. പ്രബന്ധസംവിധാനം എങ്ങനെയായിരിക്കണം എന്നത് ഈ കൃതിയിൽ ഉദാഹരണസഹിതം വ്യക്തമാക്കുന്നുണ്ട്. ഒരു കാലഘട്ടത്തിലെ മുഴുവൻ ഗവേഷണപ്രവർത്തനങ്ങളെയും നിയന്ത്രിച്ച കൃതി എന്ന നിലയിൽ സവിശേഷസ്ഥാനം അർഹിക്കുന്ന കൃതിയാണ് ഇത് എന്ന കാര്യത്തിൽ തർക്കമില്ല.

പ്രായോഗികത: നാല്പതു വർഷത്തിലേറെയായി മലയാളഗവേഷകരുടെ വഴികാട്ടിയാണ് ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ

എന്ന പുസ്തകം. അതുകൊണ്ടുതന്നെ, നിലവിൽ മാർഗദർശികളായവരുടെയും ഗവേഷണപ്രവർത്തനങ്ങളെ സ്വാധീച്ചത് ഈ കൃതിയാണെന്ന് നിസ്സംശയം പറയാം.

പരികല്പനയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നുണ്ടെങ്കിലും അതിന്റെ പ്രായോഗികത അത്രത്തോളം ഉണ്ടാകണമെന്നില്ല. ആകരസാമഗ്രികൾ എന്ന അധ്യായത്തിൽ ഗ്രന്ഥസൂചി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 12.5 സെ. മീ. നീളവും 7.5 സെ.മീ. വീതിയുമുള്ള കാർഡുകൾ ഉപയോഗിക്കുന്നതാണ് ഉചിതമെന്ന ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ കാർഡ് സമ്പ്രദായം കാലഹരണപ്പെട്ടതാണ്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഡേറ്റ തരംതിരിക്കാനുള്ള സംവിധാനങ്ങൾ ഇക്കാലത്ത് ലഭ്യമാണ്. പ്രബന്ധക്കുറിപ്പുകൾ തയ്യാറാക്കുന്ന കാര്യം അവതരിപ്പിക്കുമ്പോഴും കാർഡ് സമ്പ്രദായത്തെക്കുറിച്ചും ഫയൽ സമ്പ്രദായത്തെക്കുറിച്ചും പറയുന്നുണ്ട്. ഇതും കാലഹരണപ്പെട്ടതു തന്നെയാണ്. ഈവക കാര്യങ്ങളെല്ലാം ഇപ്പോൾ കമ്പ്യൂട്ടറിൽ അനായാസം ചെയ്യാവുന്നതേയുള്ളൂ. കാലോചിതമായ പരിഷ്കാരങ്ങൾ കടന്നുവന്നിട്ടില്ല എന്നത് ഒഴിച്ചുനിർത്തിയാൽ മലയാളഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങളിൽ പ്രഥമഗണനീയമായ കൃതിയാണ് ചാത്തനാത്ത് അച്യുതനുണ്ണി രചിച്ച ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ.

## സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം

2012 സെപ്റ്റംബറിൽ ആദ്യപതിപ്പായി പുറത്തിറങ്ങിയ ഗവേഷണരീതിശാസ്ത്രഗ്രന്ഥമാണ് ഡോ. ഡി ബഞ്ചമിൻ രചിച്ച സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം. "ഗവേഷണത്തിന്റെ രീതിശാസ്ത്രത്തെ സംബന്ധിച്ച് ഇപ്പോൾത്തന്നെ നാലു പുസ്തകങ്ങളെങ്കിലും മലയാളത്തിലുണ്ട്. എന്നിട്ടുമെന്തേ ഇങ്ങനെയൊരു പുസ്തകംകൂടി? പ്രസക്തമാണ് ഈ ചോദ്യം. ഗവേഷണസംബന്ധിയായ ഈ പുസ്തകങ്ങളെല്ലാം ഞാൻ സൂക്ഷ്മമായി പരിശോധിച്ചിട്ടുണ്ട്. അവയിൽ പരാമർശിച്ചിട്ടില്ലാത്ത ചില കാര്യങ്ങൾകൂടി ചർച്ചചെയ്യേണ്ടതുണ്ടെന്നും ചില കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നല്കണമെന്നും ചില കാര്യങ്ങൾക്കെങ്കിലും തിരുത്തലുകൾ വേണമെന്നുമുള്ള തോന്നലാണ് ഇങ്ങനെയൊരു പുസ്തകം എഴുതാൻ കാരണം." എന്ന ഗ്രന്ഥകർത്താവിന്റെ ആമുഖത്തോടുകൂടിയാണ് ഈ പുസ്തകം ആരംഭിക്കുന്നത്.

**ഘടനയും ഉള്ളടക്കവും:** സർവകലാശാലകളുടെ പ്രഖ്യാതമായ ദൗത്യങ്ങൾ രണ്ടാണ്. വിജ്ഞാനവിതരണവും വിജ്ഞാനനിർമ്മിതി



യും. ബിരുദതലത്തിലും ബിരുദാനന്തരതലത്തിലും നമ്മുടെ സർവകലാശാലകളിൽ മുഖ്യമായും നടക്കുന്നത് വിജ്ഞാനവിതരണമാണ് എന്ന നിലപാട് സ്വീകരിച്ചുകൊണ്ടാണ് സാഹിത്യഗവേഷണം - ഭൂമിക എന്ന പേരു നൽകിയിരിക്കുന്ന ആദ്യ അധ്യായം ആരംഭിക്കുന്നത്. അതു കൂടാതെ, ഗവേഷണവിഷയവും പരികല്പനയും, ദത്തശേഖരണവും ഗവേഷണവായനയും, പരികല്പനയിൽനിന്ന് തീസിസിലേക്ക്, ഗവേഷണപ്രബന്ധം തയാറാക്കുമ്പോൾ, പരാമർശസൂചകങ്ങൾ, ഗ്രന്ഥസൂചി തയാറാക്കൽ, പ്രബന്ധം സമർപ്പിക്കുമ്പോൾ, മാർഗ്ഗദർശിയും പരീക്ഷകാഭിപ്രായവും, ഓപ്പൺ ഡിഫെൻസ്, മലയാളഗവേഷണത്തിന്റെ ചരിത്രത്തിലേക്കൊരെത്തിനോട്ടം എന്നീ അധ്യായങ്ങളും സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം എന്ന പുസ്തകത്തിൽ കാണാം. അനുബന്ധമായി, പ്രബന്ധരചന വഴിതെറ്റുന്നതെങ്ങനെ?, അഭിമുഖസംഭാഷണങ്ങൾ, നിഘണ്ടുക്കളും വിജ്ഞാനകോശങ്ങളും എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. മലയാളത്തിൽ പ്രസിദ്ധീകൃതമായ ഇതരരീതിശാസ്ത്രകൃതികളെ അപേക്ഷിച്ച് ഉള്ളടക്കത്തിന്റെ വ്യത്യസ്തത അവകാശപ്പെടുന്ന പുസ്തകമാണ് സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം.

**ഗവേഷണസമീപനം:** 'സാഹിത്യഗവേഷണത്തെ നിർവചിക്കാനുള്ള കാര്യമായ ശ്രമങ്ങൾ നടന്നിട്ടില്ല. സാഹിത്യമുൾപ്പെടെയുള്ള മാനവികവിഷയങ്ങളിലെ ഗവേഷണത്തിനു നൽകപ്പെട്ടിട്ടുള്ള നിർവചനമാണ് പലപ്പോഴും സാഹിത്യഗവേഷണത്തിനും ബാധകമാക്കാറുള്ളത്. ഇത് സാഹിത്യഗവേഷണത്തിന്റെ അനന്യതയെ അവഗണിക്കുന്നു.' എന്ന നിലപാടാണ് ഡോ. ഡി ബഞ്ചമിൻ സ്വീകരിച്ചിരിക്കുന്നത്. അതോടൊപ്പം, 'ശാസ്ത്രരംഗത്തെ ഗവേഷണപദ്ധതിയുമായി സാഹിത്യ ഗവേഷണത്തിനു വളരെ അകന്ന ചാർച്ചയേയുള്ളൂ. എങ്കിലും ഗവേഷണത്തെക്കുറിച്ച് പൊതുവായി അംഗീകരിക്കാവുന്ന വളരെ ലളിതവും ഋജുവുമായ ഒരു സമവാക്യമുണ്ട്. 'ശാസ്ത്രീയവും ക്രമബദ്ധവുമായ അന്വേഷണമാണ് ഗവേഷണം.' എന്നിങ്ങനെ ഒഴുക്കൻമട്ടിൽ സാഹിത്യഗവേഷണത്തിന്റെ ശാസ്ത്രീയത അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട് ഗ്രന്ഥകാരൻ.

ഗവേഷണവിഷയത്തിൽനിന്ന് പരികല്പനയിലേക്ക് എത്തുന്നതിനെസ്സംബന്ധിച്ച് രണ്ടാമധ്യായത്തിൽ സോദാഹരണം വിശദമാക്കുന്നുണ്ട്. ഗവേഷണം ആവശ്യപ്പെടുന്ന വ്യത്യസ്തരീതിയിലുള്ള വായനകളെയും ദത്തശേഖരണത്തിന്റെ വ്യത്യസ്തരീതികളെയുമാണ് മൂന്നാമധ്യായം പരിചയപ്പെടുത്തുന്നത്. പരികല്പനയിൽനിന്ന് പ്രബന്ധത്തിലേക്കുള്ള വളർച്ചയാണ് നാലാമധ്യായത്തിന്റെ ഉള്ളടക്കം. ഗവേഷണപ്രബന്ധം

തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് അഞ്ചാമധ്യായത്തിലെ പ്രതിപാദ്യവിഷയം. തുടർന്നുവരുന്ന അധ്യായത്തിലെ ഗ്രന്ഥസൂചി സംബന്ധിച്ച അഭിപ്രായങ്ങൾ പൂർണ്ണമല്ല. തുറന്ന വാചാപ്പരീക്ഷ (Open defence) സംബന്ധിച്ച വിവരങ്ങൾ ഈ പുസ്തകത്തിന്റെ അനന്യത ചൂണ്ടിക്കാട്ടുന്നു. മലയാളഗവേഷണത്തിന്റെ ചരിത്രം ഏറ്റവും ഒടുവിലായിട്ടാണ് ചേർത്തിരിക്കുന്നത്. അത് ഉചിതമായില്ല. അതേസമയം അനുബന്ധമായി ചേർത്തിരിക്കുന്ന പ്രബന്ധരചന വഴിതെറ്റുന്നതെങ്ങനെ?, അഭിമുഖസംഭാഷണങ്ങൾ, നിഘണ്ടുകളും വിജ്ഞാനകോശങ്ങളും എന്നിവ പ്രയോജനപ്രദങ്ങളാണ്.

**പ്രായോഗികത:** 'സാഹിത്യഗവേഷണം ശാസ്ത്രഗവേഷണത്തിൽനിന്നും മറ്റു മാനവികവിഷയങ്ങളിലെ ഗവേഷണങ്ങളിൽനിന്നും വ്യത്യസ്തമാണ്. ഇത് നമ്മുടെ രീതിശാസ്ത്രഗ്രന്ഥങ്ങൾ വിസ്മരിച്ചുകളഞ്ഞുവോ എന്ന് എനിക്ക് സംശയമുണ്ട്' എന്ന ആശങ്കയാണ് ഗ്രന്ഥകർത്താവ് ആമുഖത്തിൽ പങ്കുവയ്ക്കുന്നത്. മുൻപു പ്രസിദ്ധീകൃതമായ ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടില്ലാത്ത ചില കാര്യങ്ങൾ പങ്കുവയ്ക്കാനുണ്ട് എന്ന ആമുഖപ്രസ്താവനയെ സാധൂകരിക്കുന്ന വിധമാണ് ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. എന്നാൽ, മറ്റുള്ള രീതിശാസ്ത്രഗ്രന്ഥങ്ങളിൽ പരാമർശിക്കാതെപോയ വിഷയങ്ങൾ മാത്രം തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്നതിനിടയിൽ പലയിടങ്ങളിലും ഏകാഗ്രത നഷ്ടപ്പെട്ടിട്ടുണ്ട്. വിഷയത്തെ വസ്തുനിഷ്ഠമായി നോക്കിക്കാണുന്നതിനു പകരം ചിലയിടങ്ങളിലെങ്കിലും വിഷയാവതരണം ആത്മനിഷ്ഠമായി മാറിയിട്ടുണ്ട്. ഗ്രന്ഥസൂചി തയ്യാറാക്കുന്നതിനെക്കുറിച്ചു പറയുന്ന വേളയിൽ ഏതെങ്കിലും ഒരു സ്റ്റൈൽ ഷീറ്റിനെ ഉദ്ധരിച്ചുകൊണ്ട് നയം വ്യക്തമാക്കാൻ ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടില്ല എന്നത് ഒരു പോരായ്മയാണ്. എങ്കിലും, ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ എന്ന കൃതിക്കുശേഷം ഒരു നാഴികക്കല്ല് എന്നു വിശേഷിപ്പിക്കാവുന്ന ഗവേഷണരീതിശാസ്ത്രഗ്രന്ഥമാണ് സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം.

## മലയാളഗവേഷണം: അകവും പുറവും

2020 ഫെബ്രുവരിയിൽ ആദ്യപതിപ്പായി പുറത്തിറങ്ങിയ ഗവേഷണരീതിശാസ്ത്രഗ്രന്ഥമാണ് ഡോ. അശോക് ഡിക്രൂസ് രചിച്ച മലയാളഗവേഷണം: അകവും പുറവും. 'മലയാളഭാഷയിലും സാഹിത്യത്തിലും ഗവേഷണം നടത്തുന്നവർക്ക് പ്രബന്ധരചനയുമായി ബന്ധപ്പെട്ട് നിർ



ദ്ദേശങ്ങൾ നൽകുന്ന പുസ്തകങ്ങൾ ലഭ്യമാണ്. എന്നാൽ, പ്രബന്ധനിർമ്മാണത്തിന്റെ അകവും പുറവും സമഗ്രമായി അവതരിപ്പിക്കുന്ന പുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമല്ല. ആ കുറവ് പരിഹരിക്കാനുള്ള ഉദ്യമമാണ് മലയാളഗവേഷണം: അകവും പുറവും' എന്നാണ് ആമുഖത്തിൽ ഗ്രന്ഥരചയിതാവ് അവകാശപ്പെടുന്നത്. പ്രബന്ധത്തിന്റെ അകംവിഷയ(ഗവേഷണവിഷയം)വുമായി അഗാധമായ അടുപ്പമുണ്ടെങ്കിലും പുറംവിഷയം സംബന്ധിച്ച അജ്ഞതയാണ് മിക്കപ്പോഴും ഗവേഷകർക്കു മുന്നിൽ വിലങ്ങുതടിയാകുന്നത് എന്നത് ഒരു വസ്തുതയാണ്.

**ഘടനയും ഉള്ളടക്കവും:** മലയാളത്തിലെ ഭാഷാസാഹിത്യഗവേഷണപ്രബന്ധങ്ങളുടെ അകവും പുറവും ആകർഷകമാക്കാനുള്ള പ്രായോഗികനിർദ്ദേശങ്ങളാണ് പുസ്തകത്തിന്റെ ഉള്ളടക്കം. മലയാളഗവേഷണത്തിന്റെ ആദ്യകാലരൂപങ്ങൾ, സർവകലാശാലകൾ കേന്ദ്രീകരിച്ചുള്ള മലയാളഗവേഷണത്തിന്റെ നാൾവഴികൾ, ഗവേഷണത്തിന്റെ വിവിധഘട്ടങ്ങൾ, നൈതികതയും രചനാമോഷണവും, പ്രബന്ധരചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഗ്രന്ഥസൂചി തയ്യാറാക്കുമ്പോൾ ഓർത്തിരിക്കേണ്ട കാര്യങ്ങൾ, ഗ്രന്ഥസൂചിമാതൃകകളും അവയുടെ ഉദാഹരണങ്ങളും, പ്രൂഫ് വായനയും തെറ്റുതിരുത്തലും സംബന്ധിച്ച വിവരങ്ങൾ, രൂപകല്പനയിലും അച്ചടിയിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിങ്ങനെ ഗവേഷകരും മാർഗദർശികളും ഗവേഷണകാര്യങ്ങളിൽ താത്പര്യമുള്ളവരും അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ ഈ പുസ്തകത്തിൽ അകം എന്ന ഭാഗത്ത് സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്.

അതോടൊപ്പംപുറംഎന്നഭാഗത്ത്,യുജിസിയുടെഗവേഷണസങ്കല്പം, 2016 ലെ യു ജി സി. റഗുലേഷൻസ്, പ്ലേജ്യറിസം സംബന്ധിച്ച 2018 ലെ യു ജി സി റഗുലേഷൻസ്, കേരളത്തിനകത്തും പുറത്തുമുള്ള സർവകലാശാലകളിൽ സമർപ്പിക്കപ്പെട്ട മലയാളഗവേഷണപ്രബന്ധങ്ങളുടെ പട്ടിക, അപപാഠവും തെളിമലയാളവും, ഉച്ചാരണസാമ്യവും അർത്ഥഭേദവുമുള്ള പദങ്ങൾ, മലയാളം ഒറ്റപ്പദങ്ങൾ, അധികവായനയ്ക്കുള്ള പുസ്തകങ്ങൾ, ഓപ്പൺ ആക്സസ് അധികസ്രോതസ്സുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

**ഗവേഷണസമീപനം:** 'വിജ്ഞാനശേഖരം വർദ്ധിപ്പിക്കാനുള്ള സർഗ്ഗാത്മകവും വ്യവസ്ഥാപിതവുമായ പ്രയത്നമാണ് ഗവേഷണം. മനുഷ്യരാശി ഇന്നോളം ആർജ്ജിച്ച സാംസ്കാരികവും സാമൂഹികവുമായ സകലവിജ്ഞാനങ്ങളും കൂടിച്ചേർന്ന മൂലധനത്തിന്റെ അടിത്തറയിലായിരിക്കണം ഓരോ ഗവേഷണപ്രവർത്തനവും പടുത്തുയർത്തേണ്ട

ത്. അതുകൊണ്ടുതന്നെ, പുതിയസിദ്ധാന്തങ്ങൾ രൂപവത്കരിക്കാനോ നിലവിലുള്ളതിനെ പുതുക്കിപ്പണിയാനോ വേണ്ടിയായിരിക്കണം ഓരോ ഗവേഷണവും ശ്രമിക്കേണ്ടത്.' എന്ന നിലപാടുതറയിൽ നിന്നുകൊണ്ടാണ് ഗ്രന്ഥകാരൻ ഗവേഷണപ്രവർത്തനങ്ങളെ നോക്കിക്കാണുന്നത്.

മലയാളത്തിൽ പ്രസിദ്ധീകൃതമായ മറ്റു ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിഷയങ്ങളാണ് നൈതികത, രചനാമോഷണം മുതലായവ. രചനാമോഷണത്തിന്റെ കാരണങ്ങളും അതിനെ അതിജീവിക്കാനുള്ള മാർഗങ്ങളും രചനാമോഷണം നടത്തിയാൽ നേരിടേണ്ടിവരുന്ന ശിക്ഷകളെക്കുറിച്ചുള്ള വിശദീകരണവും ഈ കൃതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എ പി എ (അമേരിക്കൻ സൈക്കോളജിസ്റ്റ്സ് അസോസിയേഷൻ), എം എൽ എ (മോഡേൺ ലാംഗ്വേജ് അസോസിയേഷൻ) റഫറൻസ് ശൈലികളെ അവയുടെ ഏറ്റവും പുതിയ സ്റ്റൈൽ ബുക്കുകൾ മുൻനിർത്തി, ഉദാഹരണസഹിതം വിശദമായി പ്രതിപാദിക്കുന്ന മറ്റൊരുപുസ്തകം മലയാളത്തിൽ ലഭ്യമല്ല. ഉദാഹരണങ്ങളിലൂടെയും ലളിതമായ ഭാഷയിലൂടെയും ഗവേഷണത്തെ ആകർഷകമായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് പുസ്തകത്തിന്റെ മറ്റൊരു സവിശേഷത.

**പ്രായോഗികത:** കേരളത്തിനകത്തും പുറത്തുമുള്ള സർവകലാശാലകളിൽ പി എച്ച് ഡി ബിരുദത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടിട്ടുള്ള ഗവേഷണപ്രബന്ധങ്ങളുടെ ഗ്രന്ഥസൂചി തയ്യാറാക്കിയിട്ടുള്ളത് പല മട്ടിലാണ് എന്നത് കൗതുകകരമായ ഒരു വസ്തുതയാണ്. എത്രമാത്രം അലക്ഷ്യമായിട്ടാണ് ഗവേഷകർ ഗ്രന്ഥസൂചിയെ കൈകാര്യം ചെയ്യുന്നത് എന്നതിന്റെ ദൃഷ്ടാന്തംകൂടിയാണ് അത്. മലയാളഗവേഷണം: അകവും പുറവും എന്ന പുസ്തകം പ്രസ്തുതമേഖലയിൽ ശ്രദ്ധേയമായ സംഭാവനയാണ് നൽകിയിരിക്കുന്നത്. പ്രൂഫ് വായനയും തെറ്റുതിരുത്തലും സംബന്ധിച്ച കാര്യങ്ങളിലും രൂപകല്പനയും അച്ചടിയും ബുക്ക് ബയന്റിങ്ങും സംബന്ധിച്ച സാങ്കേതികകാര്യങ്ങളിലും ഈപുസ്തകം ഗവേഷകർക്ക് പ്രായോഗികനിർദ്ദേശങ്ങൾ നൽകുന്നതു കാണാം. അക്കാദമിക ജേണലുകളുടെ പ്രസിദ്ധീകരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഡാറ്റാബേസുകളും ഗവേഷണ മെട്രിക്കുകളും ഈ പുസ്തകത്തെ വ്യത്യസ്തമാക്കുന്ന ഘടകങ്ങളാണ്.

മലയാളഗവേഷണം: അകവും പുറവും എന്ന പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് യു ജി സി യുടെ ഗവേഷണസങ്കല്പവും അതു സംബന്ധിച്ച റെഗുലേഷൻസും നൽകിയിരിക്കുന്നത് ഗവേഷകർക്ക് പ്രയോജനപ്പെടും. അതുപോലെതന്നെ അധികവായനയ്ക്കുള്ള പുസ്തകങ്ങളും ഓപ്പൺ ആക്സസ് സ്രോതസ്സുകളെസ്സംബന്ധിച്ച വിവരങ്ങളും ഗവേഷകർക്ക് സഹായകമാണ്. എന്നാൽ, ഉച്ചാരണസാമ്യവും അർത്ഥഭേദവുമുള്ള പദങ്ങൾ, മലയാളം ഒറ്റപ്പദങ്ങൾ എന്നിവ പുസ്തകത്തിന്റെ പേജുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ മാത്രമേ ഉപകരിച്ചിട്ടുള്ളൂ. എങ്കിലും, പുതിയകാലത്തെ ഗവേഷണത്തെ അഭിസംബോധന ചെയ്യുന്നതിൽ മലയാളഗവേഷണം: അകവും പുറവും വിജയിച്ചിട്ടുണ്ട്.



**ഉപസംഹാരം**

കേരളത്തിനകത്തും പുറത്തുമുള്ള നിരവധിസർവകലാശാലകളിലെ പഠനവിഭാഗങ്ങളിലും അഫിലിയേറ്റഡ് കോളജുകളിലെ മലയാളഗവേഷണകേന്ദ്രങ്ങളിലും കേരളസാഹിത്യ അക്കാദമി, തിരൂർ തുഞ്ചൻപറമ്പ് പോലെയുള്ള സാംസ്കാരികസ്ഥാപനങ്ങളിലുമെല്ലാം മലയാളഭാഷയിലും സാഹിത്യത്തിലുമുള്ള ഗവേഷണപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ, അവയ്ക്ക് ഒരു ഏകീകൃതസ്വഭാവം കൈവന്നിട്ടില്ല. അനൗപചാരികമായി നടക്കുന്ന ഗവേഷണസമാരംഭങ്ങൾക്ക് ഏകീകൃതമായ ഒരു വ്യവസ്ഥ ഉണ്ടാവുകയെന്നത് അത്ര എളുപ്പത്തിൽ സങ്കല്പിക്കാനാവില്ലെങ്കിലും ഔപചാരികമായ ഗവേഷണങ്ങളുടെ സ്ഥിതി വ്യത്യസ്തമാണ്. ഗവേഷണത്തിന്റെ പടവുകളെയും എഴുത്തുചിട്ടകളെയും സാങ്കേതികരൂപകല്പനകളെയും സംബന്ധിച്ച് ചില അടിസ്ഥാന സങ്കല്പങ്ങൾ ഉണ്ടായേ മതിയാകൂ.

മലയാളഗവേഷണത്തിന്റെ രീതിശാസ്ത്രം അവതരിപ്പിക്കുന്ന വിരലിലെണ്ണാവുന്ന പുസ്തകങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അത്തരം പുസ്തകങ്ങൾ ഇതേവരെ വിമർശനവിധേയമായിട്ടില്ല. ചാത്തനാത്ത് അച്യുതനുണ്ണി, കെ എം പ്രഭാകരവാരിയർ, എം വി വിഷ്ണുനമ്പൂതിരി, നടുവട്ടം ഗോപാലകൃഷ്ണൻ, ഡി. ബഞ്ചമിൻ, അശോക് ഡിക്രൂസ്, രവിശങ്കർ എസ് നായർ മിഥുൻ കെ എസ്., തുടങ്ങിയവർ പല കാലങ്ങളിലായി മലയാളത്തിൽ ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയെല്ലാം മലയാളത്തിൽ അക്കാദമികഗവേഷണങ്ങളിൽ ഏർപ്പെടുന്നവർക്ക് വിലപ്പെട്ടവയുമാണ്. ഗവേഷണത്തിന്റെ സാമാന്യസ്വഭാവം, ഗവേഷകർക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ, ഗവേഷണവിഷയം തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പ്രബന്ധരചനയുടെ ഓരോഘട്ടത്തിലും കൈക്കൊള്ളേണ്ട നടപടികൾ, ഗവേഷണത്തിലെ വിവിധസമീപനങ്ങൾ എന്നിവയെല്ലാം പ്രസ്തുതകൃതികൾ ചർച്ച ചെയ്യുന്നുമുണ്ട്.

എന്നാൽ, കാലഘട്ടത്തിന്റെ മാറുന്ന ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഗവേഷണപ്രബന്ധരചനയുടെ എല്ലാ തലങ്ങളിലും മാറ്റം വരേണ്ടതുണ്ട്. മാത്രമല്ല, അതിനെക്കുറിച്ച് കൃത്യമായ അവബോധം സൃഷ്ടിക്കാൻ മികച്ച രീതിശാസ്ത്രഗ്രന്ഥങ്ങൾക്കും ഗവേഷണമാർഗദർശികൾക്കും സാധ്യമാവുകയും വേണം. അതുകൊണ്ടുതന്നെ, അതിസാങ്കേതികവിദ്യയുടെ / നിർമിതബുദ്ധിയുടെ കാലത്തെ ഗവേഷണപ്രവർത്തനങ്ങളെ അഭിസംബോധനചെയ്യുന്നതു കൂടിയാവണം മലയാളത്തിലെ ഗവേഷണരീതിശാസ്ത്രഗ്രന്ഥങ്ങൾ.

## ഗ്രന്ഥസൂചി

അച്യുതനുണ്ണി, ചാത്തനാത്ത്. ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2011.

അനിതകുമാരി, ടി. (ജന. എഡി.), അശോക് ഡിക്രൂസ്. (എഡി.). മലയാളഗവേഷണം: ചരിത്രവും വർത്തമാനവും. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, 2019.

അശോക് ഡിക്രൂസ്. മലയാളഗവേഷണം: അകവും പുറവും. കോഴിക്കോട്: ആത്മ ബുക്സ്, 2020.

ബഞ്ചമിൻ, ഡി. സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം. തിരുവനന്തപുരം: മാളുബൻ പബ്ലിക്കേഷൻസ്, 2012.

ഗോപാലകൃഷ്ണൻ, നടുവട്ടം. ഗവേഷണരീതിശാസ്ത്രം. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.

രവിശങ്കർ എസ് നായർ. ആരും വായിക്കാത്ത പുസ്തകം എങ്ങനെ എഴുതാം: ഗവേഷണപ്രബന്ധരചനയ്ക്ക് ഒരു വഴികാട്ടി. കോഴിക്കോട്: ആത്മ ബുക്സ്, 2023.

## അനുബന്ധം

1. അച്യുതനുണ്ണി, ചാത്തനാത്ത്. ഗവേഷണം: പ്രബന്ധരചനയുടെ തത്ത്വങ്ങൾ. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2011.
2. അനിതകുമാരി, ടി. & രാധാകൃഷ്ണൻ ഇളയിടത്ത്. (എഡി.). ഗവേഷണപഠനവും രീതിശാസ്ത്രവും: അറിവുൽപ്പാദനത്തിന്റെ പുതുവഴികൾ. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, 2017.
3. അനിതകുമാരി, ടി. (ജന. എഡി.), അശോക് ഡിക്രൂസ്. (എഡി.). മലയാളഗവേഷണം: ചരിത്രവും വർത്തമാനവും. തിരൂർ: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, 2019.
4. അശോക് ഡിക്രൂസ്. മലയാളഗവേഷണം: റഫറൻസിന്റെ രസതന്ത്രം. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2019.
5. അശോക് ഡിക്രൂസ്. ഗവേഷണത്തിന്റെ രീതിയും നീതിയും, കോഴിക്കോട്: ആത്മ ബുക്സ്, 2019.



6. അശോക് ഡിക്രൂസ്. മലയാളഗവേഷണം: അകവും പുറവും. കോഴിക്കോട്: ആത്മ ബുക്സ്, 2020.
7. അശോക് ഡിക്രൂസ്. ഗവേഷണവും പ്രസിദ്ധീകരണനൈതികതയും, കോഴിക്കോട്: ആത്മ ബുക്സ്, 2021.
8. അശോക് ഡിക്രൂസ്. ആശങ്കയില്ലാതെ ഗവേഷണം ആരംഭിക്കാം. കോഴിക്കോട്: ആത്മ ബുക്സ്, 2023.
9. കൃഷ്ണകുമാർ, എസ്. മലയാളഗവേഷണം സർവകലാശാലകളിൽ തിരുവനന്തപുരം: മാർഗി പബ്ലിക്കേഷൻസ്, 1996.
10. ബഞ്ചമിൻ, ഡി. സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം. തിരുവനന്തപുരം: മാളുബൻ പബ്ലിക്കേഷൻസ്, 2012.
11. ഗോപാലകൃഷ്ണൻ, നടുവട്ടം. ഗവേഷണരീതിശാസ്ത്രം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.
12. പ്രഭാകരവാര്യർ, കെ. എം. ഗവേഷണപദ്ധതി. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1982.
13. മിഥുൻ, കെ എസ് (എഡി.). ഗവേഷണരീതിശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2017.
14. രവിശങ്കർ എസ് നായർ. ആരും വായിക്കാത്ത പുസ്തകം എങ്ങനെ എഴുതാം: ഗവേഷണപ്രബന്ധരചനയ്ക്ക് ഒരു വഴികാട്ടി. കോഴിക്കോട്: ആത്മ ബുക്സ്, 2023.
15. വിഷ്ണു നമ്പൂതിരി, എം വി ഗവേഷണപ്രവേശിക. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2001.